DESPATCHED
On. 27/6/22.



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 300(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

(ഫയൽ നമ്പർ: 5909/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ജൂൺ 22

ശ്രീ. ഒ.വി. ശ്രീദത്ത്,
ആരണ്യാലയം,
ചോഴിയക്കോട് പി.ഒ., കുളത്തൂപ്പുഴ (വഴി),
കൊല്ലം – 691 310. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഇൻസ്പെക്ടർ എസ്.എച്ച്.ഒ.,
ചിതറ പോലീസ് സ്റ്റേഷൻ,
ചിതറ പി.ഒ., കൊല്ലം.
2) അപ്പീൽ അധികാരി &
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
പുനലൂർ, കൊല്ലം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 01/04/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 30/04/2022 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 08/04/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 30/04/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 13/04/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 16/04/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 23/04/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 13/05/2022 |
| ഹിയറിംഗ് നടന്ന തീയതി | 21/06/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ഒ.വി.ശ്രീദത്ത്, 13.4.2022–ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും യാതൊരു വിവരവും രേഖകളും എതിർകക്ഷികൾ നൽകിയിട്ടില്ലെന്നും ആയതിനാൽ മന:പൂർവ്വവും ബോധപൂർവ്വവും നിയമം അനുശാസിക്കുന്ന സമയത്തിനുള്ളിൽ വിവരങ്ങളും/രേഖകളും നൽകാത്ത

ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1), (2) വകുപ്പുകൾ പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കണമെന്നും കൂടാതെ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളും/രേഖകളും ലഭിക്കുന്നതിനുവേണ്ട നിർദ്ദേശം എതിർകക്ഷികൾക്ക് നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 01.04.2022-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 48 മണിക്കൂറിനകം നൽകണമെന്നാണ്:

i. The attested copy of the Complaints that he had submitted before the Station House Officer at Valavupacha Police station under section 154(1) of Code of Criminal Procedure dated on 29.6.2021, 30.6.2021, 14.8.2021, 16.8.2021, 17.8.2022, 1.9.2021 to produce before the Hon. Punalur Chithara Sub-Divisional Magistrate Court.

i. The attested copy of the FRI or FIR's that he had Registered by the Station House Officer at Chithara/Valavupacha Police Station under section 154(1) of Code of Criminal Procedure dated on 29.6.2021, 30.6.2021, 14.8.2021, 16.8.2021, 17.8.2022, 1.9.2021 to produce before the Hon. Punalur Sub-Divisional Magistrate Court and so on numbering to 12 items.

3. മേൽപ്പടി അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ 08.04.2022 തീയതി അപ്പീൽ സമർപ്പിച്ചു.

4. ഒന്നാം എതിർകക്ഷി 10.5.2022-ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 30.4.2022-ന് മറുപടി നൽകിയിട്ടുള്ളതാണെന്നും അപേക്ഷകൻ 8.4.2022-ൽ ബഹു. പുനലൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അവർകളുടെ ഓഫീസിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ ഒന്നാം അപ്പീൽ അധികാരിയായ ബഹു. കൊട്ടാരക്കര ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ ഓഫീസിലേക്ക് അയച്ചു കൊടുത്തിട്ടുള്ളതും ആയത് 25.4.2022-ൽ ഇ-മെയിൽ മുഖാന്തിരം ചിതറ പോലീസ് സ്റ്റേഷനിലേക്ക് അയച്ചു കിട്ടിയിട്ടുള്ളതും ആയതിനുള്ള മറുപടിയും 30.4.2022-ൽ അപേക്ഷകന് തപാൽ മുഖാന്തിരം അയച്ചു കൊടുത്തിട്ടുള്ളതാണെന്നും അപേക്ഷകൻ ചിതറ പോലീസ് സ്റ്റേഷനിൽ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീൽ അധികാരിയായ ബഹു. കൊട്ടാരക്കര ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഓഫീസിലേക്ക് അയച്ചു കൊടുത്ത അപേക്ഷയിലും യഥാസമയം മറുപടി നൽകിയിട്ടുള്ളതാണെന്നും ആയതിലേക്ക് ഒരു തരത്തിലുള്ള വീഴ്ചയും ചിതറ പോലീസ് സ്റ്റേഷൻ പബ്ലിക് ഇൻഫർമേഷൻ

ഓഫീസറുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നും ടി റിപ്പോർട്ടിന്റെ പകർപ്പ് തപാൽ മുഖാന്തിരം അപേക്ഷകനും അയച്ചു നൽകിയിട്ടുണ്ടെന്നുമാണ്.

5. രണ്ടാം എതിർകക്ഷി 11.05.2022–ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ചിതറ പോലീസ് സ്റ്റേഷനിൽ അപേക്ഷകൻ സമർപ്പിച്ച പരാതികളുടെയും മറ്റ് രേഖകളുടെയും പകർപ്പുകൾ ആവശ്യപ്പെട്ടുകൊണ്ട് 1.4.2022–ാം തീയതി ചിതറ/വളവുപച്ച പോലീസ് സ്റ്റേഷനിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു എന്നും ടി രേഖകൾ ലഭ്യമാകാതിരുന്നതിനെ തുടർന്ന് 8.4.2022–ന് ടി ഓഫീസിൽ ഒന്നാം അപ്പീൽ സമർപ്പിച്ചിരുന്നു എന്നും എന്നാൽ ടി അപ്പീലിൻമേലും യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല എന്നും ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ് അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരിന്നതെന്നും, ചിതറ/വളവുപച്ച പോലീസ് സ്റ്റേഷനിൽ ലഭിക്കുന്ന വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൻമേലുള്ള ഒന്നാം അപ്പീൽ അധികാരി കൊട്ടാരക്കര ഡി.വൈ.എസ്.പി. ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസറാണെന്നും എന്നാൽ 8.4.2020 തീയതി ഹർജിക്കാരൻ ഈ ഓഫീസിലാണ് ഒന്നാം അപ്പീൽ സമർപ്പിച്ചിട്ടുള്ളതെന്നും ആയതിനാൽ ടി അപ്പീൽ അപേക്ഷയും അനുബന്ധ രേഖകളും കൊട്ടാരക്കര ഡി.വൈ.എസ്.പി. ഓഫീസിലേയ്ക്ക് നൽകിയിട്ടുള്ളതാണെന്നും ആയത് 15.4.2022 തീയതി അപേക്ഷകനെ കത്ത് മുഖേന അറിയിച്ചിട്ടുള്ളതുമാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ സാക്ഷ്യപ്പെടുത്തി 48 മണിക്കൂറിനകം നൽകിയില്ല എന്നതാണ് ഹർജിക്കാരന്റെ ആക്ഷേപമെന്നു കാണുന്നതിനാൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ '2005–ലെ വിവരാവകാശ നിയമപ്രകാരം നൽകുന്ന പകർപ്പ്' എന്ന് സാക്ഷ്യപ്പെടുത്തി ടിയാൻ ആവശ്യപ്പെട്ട ലഭ്യമായ സി.സി.ടി.വി. ദൃശ്യങ്ങൾ സഹിതം, ഫീ ഒടുക്കി 30.6.2022–നകം ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. ഹർജിക്കാരന്റെ ടി വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും 48 മണിക്കൂറിനകം മറുപടി നൽകേണ്ടതായുള്ള അടിയന്തിര സാഹചര്യം നില നിൽക്കുന്നില്ലായിരുന്നു എന്നതിനാൽ ആയത് സംബന്ധിച്ച ഉത്തരവുകൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല. ഹർജിക്കാരൻ നിരന്തരമായി വിവരാവകാശ അപേക്ഷകൾ നൽകി വരുന്നതുമൂലം ആയത് ടി സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകി വരുന്ന മറ്റു സേവനങ്ങളെ ദോഷകരമായി ബാധിക്കാൻ ഇടയാകുമെന്ന് കാണുന്നതിനാൽ ടി പ്രവണത വിവരാവകാശ നിയമത്തിന്റെ ദുരുപയോഗമായെ കാണാൻ കഴിയൂ എന്നതിനാൽ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ നിരന്തരം നൽകി സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനത്തിന്

തടസ്സമുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് ഹർജിക്കാരനെ കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 22–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us